| 280500101-Prior Period Income-Tax Remission & Refund-Property Tax On Residential Building | 1499 |
| 280800201-Prior Period Income-Administrative Expense | (1644) |
| 280800501-Prior Period Income-Programme Expense | 153206 |

## 1-25 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

450410101-MGNREGS-ൽ താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 422792 | 17.07.2020 | 470 |
| 422793 | 17.07.2020 | 1400 |

## 1-26 ചെക്ക് നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല-7174/- രൂപ

450210101-SBI E.payment-ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 7174/- രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 422792 | 02.12.2020 | 976 |
| 422793 | 12.11..2020 | 1500 |

| | | |
|---|---|---|
| E-Payment Receipt | 10.12.2020 | 3954 |
| E-Payment Receipt | 24.11.2020 | 744 |

## 1-27 "Directly Credited By Bank" എന്ന ഇനത്തിലെ 30432/- രൂപ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതാണ്

4450210101-SBI E.payment-ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Credited By Bank" എന്ന ഇനത്തിൽ 30432/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയതി | തുക |
|---|---|
| 30.06.2020 | 1361 |
| 08.09.2020 | 1152 |
| 05.08.2020 | 564 |
| 27.10.2020 | 6734 |
| 05.08.2020 | 214 |
| 10.12.2020 | 4005 |
| 27.01.2021 | 1134 |
| 03.02.2021 | 130 |
| 03.02.2021 | 3598 |
| 03.02.2021 | 2851 |
| 31.03.2021 | 874 |
| 01.03.2021 | 3835 |
| 04.03.2021 | 341 |
| 04.03.2021 | 3639 |
| ആകെ | 30432 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-28 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയ തുക വാർഷിക കണക്കിൽ ക്രമീകരിച്ചിട്ടില്ല.

2019-20, 2020-21 വർഷങ്ങളിലെ '460500501 - Advance To Implementing Officers' ലെഡ്ജർ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വിവിധ വാർഡുകളിലേയ്ക്ക് 161415/- രൂപയും 169595/- രൂപയും ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും നൽകിയിട്ടുണ്ട്. ടി വിഷയത്തിലെ അപാകതകൾ താഴെചേർക്കുന്നു.

1. മഴക്കാല പൂർവ്വ ശുചീകരണത്തിനുള്ള തുക പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വാർഡു മെമ്പർമാർക്ക് കൈമാറുകയാണ് ചെയ്യുന്നത്. ആയത് അനുവദനീയമല്ല.

2. മേൽ തുക യഥാർത്ഥത്തിൽ തിരിച്ചുനല്കിയത് ആയതിനാൽ അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്താനാവില്ല.

3. ശുചിത്വമിഷൻ ഈ തുക തിരികെ നല്കുമെന്നുള്ളതിനാൽ അഡ്വാൻസ് ശീർഷകത്തിലല്ല മറിച്ച് അനുയോജ്യമായ "Prepaid Expenses" ശീർഷകത്തിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

4.2019-20, 2020-21 വർഷങ്ങളിലേയ്ക്ക് മഴക്കാല പൂർവ്വ ശുചീകരണത്തിനുള്ള ശുചിത്വ മിഷൻ ഗ്രാന്റ് തുക ആകെ 3,60,000/- രൂപ (180000/- X 2) ലഭിച്ചിട്ടുണ്ട്. ഈ തുക 320200322-Grants From Suchithwa Mission എന്ന ശീർഷകത്തിൽ (വൗച്ചർ നമ്പർ 120050900022/ 22.07.2020,120180900240/31.03.2021) രസീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്ന് മുൻകൂർ തുകയായി തെറ്റായി രേഖപ്പെടുത്തിയ (161415 + 169595) =331010/- രൂപ ക്രമീകരിച്ചിട്ടില്ല. ഈ എൻട്രി രേഖപ്പെടുത്താത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനുള്ള ചെലവ് തുക രേഖപ്പെടുത്താതെ പോയി. ബാലൻസ്ഷീറ്റിൽ ശുചിത്വ മിഷൻ നല്കിയ ഗ്രാന്റ് മുഴുവൻ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വാർഷികകണക്കുകൾ മേൽ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. അപാകത 2021-22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-29 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.8/11.08.2021) 21.02.2018 ലെ 7(7) നമ്പർ തീരുമാനപ്രകാരം ഇത്തരത്തിൽ തീരുമാനം എടുത്തിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങളും ജീവനക്കാരുടെ എണ്ണവും ചേർത്തിട്ടില്ല. പഴയ മാതൃകയിലുള്ള അപേക്ഷകളാണ് പല സ്ഥാപനങ്ങളും ഉപയോഗിച്ചിട്ടുള്ളത്. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ

പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 മത്സ്യ കാപ്പ് ലേലം 2020,2021 വർഷങ്ങളിൽ നടന്നിട്ടില്ല.പഞ്ചായത്തിന്റെ തനതു സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

പഞ്ചായത്തിനു കീഴിലുള്ള പൈനൂർ/ ചൂലൂർ ചിറകളിലെ മുൻ വർഷങ്ങളിലെ മത്സ്യ കാപ്പ് ലേലം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ലേല തീയതി | തുക |
|---|---|---|
| 2015 | 30.12.2014 | 61000/- |
| 2016 | 29.12.2015 | 27500/- |
| 2017 | 21.12.2016 | 29800/- |
| 2018 | 19.01.2018 | 60000/- |
| 2019 | 05.01.2019 | 107500/- |

എന്നാൽ 2020, 2021 വർഷങ്ങളിൽ മത്സ്യ കാപ്പ് ലേലം നടന്നതായി കാണുന്നില്ല. 2019 ൽ ഒരു ലക്ഷത്തിലധികം തുക വരുമാനം ലഭിച്ച പ്രസ്തുത ലേലം, തുടർച്ചയായി 2 കൊല്ലം നടത്താതിരുന്ന സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/11.08.2021), ചിറകളിൽ പുല്ല് വളർന്നതിനാലും നീരൊഴുക്ക് തടസ്സപ്പെട്ടതിനാലും 2019 ൽ ലേലം ചെയ്ത വ്യക്തിക്ക് നഷ്ടം സംഭവിച്ചതായും ചിറകൾ വൃത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും കോവിഡ് 19 ന്റെ സാഹചര്യത്തിൽ ടി പ്രവൃത്തി ചെയ്യാൻ സാധിച്ചില്ലെന്നും നിലവിൽ ചിറകൾ വൃത്തിയാക്കുകയും 2021-22 സാമ്പത്തിക വർഷത്തിൽ ലേലം നടത്തുന്നതുമാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ലേലത്തിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 30.03.2021 ലെ 3/1 ഭരണസമിതി തീരുമാനപ്രകാരം, പ്രസ്തുത ചിറകൾ വൃത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും NREGS AE യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് നം 315/21 പ്രകാരം പൈനൂർ ചിറ വൃത്തിയാക്കൽ പദ്ധതി 25.03.2021 നം, പ്രൊജക്ട് നം 233/21 പ്രകാരം ചൂലൂർ ചിറ വൃത്തിയാക്കൽ പദ്ധതി 27.03.2021 നം പൂർത്തിയായിട്ടുള്ളതാണ്. ആയതിനു ശേഷവും ഇത്തരത്തിൽ എടുത്തിട്ടുള്ള തീരുമാനം വസ്തുതാപരമല്ല. ലേലത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി തനതു സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-31 ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് ഈടാക്കിയില്ല.

4-ാം വാർഡിൽ അപകടകരമായ സ്ഥിതിയിലുള്ള പ്ലാവ് മരം 17.02.2021 ന് നടന്ന ലേലത്തിൽ ശ്രീ.ഷാജു.കെ.ആർ എന്ന വ്യക്തിക്ക് 4100/- രൂപയ്ക്ക് ലേലം അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. മരങ്ങൾക്ക് ലേലത്തിൽ ലഭിക്കുന്ന തുകയുടെ 5 % എഫ്. ഡി.റ്റി ഇനത്തിൽ ഈടാക്കേണ്ടതും 0406-101-96-FDT എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്. എന്നാൽ ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 4100/- രൂപയുടെ 5 % FDT തുകയായ 205/- രൂപ അടവാക്കിയതായി കാണുന്നില്ല. അടവാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത രസീതിന്റെ പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/11.08.2021) ശേഷം മാത്രമാണ് ടി തുക 16.08.2021 ൽ 121010101213 നമ്പർ രസീതി ആയി അടവാക്കിയിട്ടുള്ളത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

2020-21 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൻ പ്രകാരം ചില സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അൽബാൻ ട്രാവൽ ഏജൻസി | 5 |
| 2 | ഇൻഡ്യൻ ഫാം ആയുർവേദ മരുന്ന നിർമ്മാണം | 6 |
| 3 | സി എസ് ഇളയത്ത് ഹോട്ടൽ & കാറ്ററിംഗ് | 5 |
| 4 | ഹൈസൺ മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് | 6 |
| 5 | ഡെന്നിസ് ഹോട്ടൽ | 7 |
| 6 | ഡെന്നിസ് ബേക്കറി | 5 |
| 7 | ഡെന്നിസ് കാറ്ററിംഗ് | 5 |
| 8 | ബ്രൈറ്റ് ഹോളോ ബ്രിക്സ് | 3 |
| 9 | കാർ വേൾഡ് സർവീസ് സെന്റർ | 6 |
| 10 | ബ്രദേഴ്സ് ഇൻഡസ്ട്രീസ് ഐസ് പ്ലാന്റ് | 4 |
| 11 | ശ്രദ്ധ ജൈവ വള സംരഭ യൂണിറ്റ് | 5 |

എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12/11.08.2021) കോവിഡ്-19 നെ തുടർന്നുള്ള നിയന്ത്രണങ്ങളും ലോക്ക്ഡൌണം മൂലം സ്ഥാപനങ്ങൾ അടച്ചിട്ടതിനാൽ തൊഴിലാളികൾക്ക് ജോലി ലഭ്യമായിരുന്നില്ലെന്നും പലരും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തതിനാൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടില്ല എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ പല സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും അടുത്ത സാമ്പത്തിക വർഷം മുതൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-33 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും എടത്തുരുത്തി സർവീസ് സഹകരണ ബാങ്കിന കീഴിൽ പ്രവർത്തിച്ച വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

I) നീതി സൂപ്പർ മാർക്കറ്റ്

Ii) നീതി മെഡിക്കൽസ്

Iii) നീതി ഡെന്റൽ ക്ലിനിക്

Iv) നീതി ലാബ്

V) നീതി വളം

തൊഴിൽ നികുതിയായി സർവീസ് സഹകരണ ബാങ്കിന്റെ 2500/- രൂപ മാത്രമാണ് അടവാക്കി വരുന്നത്.ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/17.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള ഓരോ സ്ഥാപനത്തിൽ നിന്നും വരുമാനത്തിനനുസൃതമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ബി എസ് എൻ എൽ, 2020-21 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/11.08.2021) ടി സ്ഥാപനത്തിന് തുടർച്ചയായി കത്ത് നൽകിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി അവർ അടവാക്കുന്നില്ലെന്നും എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി എല്ലാ സാമ്പത്തിക വർഷവും അടവാക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 വിമുക്ത ഭടൻമാരുടെ വസ്തു നികുതിയിളവ്-വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

26.05.2017 ലെ സ.ഉ(കൈ) നം.106/2017/തസ്വഭവ പ്രകാരം വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും നികുതി ഒഴിവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും മാർച്ച് 31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം ആകെ 92 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 24 പേർ മാത്രമേ അപേക്ഷകൾ സമർപ്പിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കിയതായി കാണുന്നുള്ളൂ.
വിമുക്ത ഭടൻമാരുടെ നികുതി ഒഴിവ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങൾ Exemption Period Continue Status ൽ കിടക്കുന്നതുകൊണ്ടാണ് ഈ അപാകത സംഭവിച്ചിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (24/12.08.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയം എടത്തിരുത്തി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ (നം.കെ.എസ്.എ.ടി.എസ്.ആർ(പി3)368/2020 തീയതി 21.05.2020) ഖണ്ഡിക 1-17 ൽ പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.

## 1-35 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് നൽകൽ-പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം. 183/2021 (സ്പിൽ ഓവർ പ്രോജക്ട്- S0098/20)
നിർവ്വഹണോദ്യോഗസ്ഥൻ : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
അടങ്കൽ തുക : 69000/-
ബിൽ നം 01/19-20, തീയതി : 11.02.2020 (C/o 20.04.2020)

2019-20 വർഷത്തെ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ് (പ്രൊജക്ട് നം S0098/20) എന്ന പദ്ധതി സ്പിൽ ഓവർ ആയി 20-21 വർഷത്തിൽ 183/2021 എന്ന പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ളതാണ്. തുടക്കത്തിൽ 150000/- രൂപ വകയിരുത്തിയ പദ്ധതിയിൽ 28.05.2019 ലെ 1(12) തീരുമാനപ്രകാരം 6 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിരുന്നുവെങ്കിലും ഒരാൾ മാത്രമേ രേഖകൾ ഹാജരാക്കിയുള്ളൂ എന്ന കാരണത്താൽ 03.01.2020 ലെ 1(4) തീരുമാനപ്രകാരം വെയിറ്റിംഗ് ലിസ്റ്റിലെ 2 പേരെക്കൂടി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. 11.02.2020 ലെ ബിൽ നം 01/19-20 (C/o 20.04.2020) പ്രകാരം 68685/- രൂപ (22865 *3) ലാപ് ടോപ്പുകൾ (മൂന്ന് എണ്ണം) ലഭ്യമാക്കാൻ കെൽട്രോണിനു നൽകിയിട്ടുണ്ടെങ്കിലും കരാറിലേർപ്പെട്ടതായി കാണുന്നില്ല. വളരെ വൈകി ലഭ്യമാക്കിയ ലാപ് ടോപ്പ് 16.02.2021 നാണ് സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ലാപ്പ്ടോപ്പ് ലഭിച്ച കുട്ടികളുടെ കോഴ്സ് കഴിയുകയോ അവസാനഘട്ടമെത്തുകയോ ചെയ്തതുകൊണ്ട് പ്രൊജക്ടിന്റെ ലക്ഷ്യം നടപ്പിലായതായി കരുതുക സാധ്യമല്ല.

09.02.2021 ലെ ഇൻവോയ്സ് നം. RV200105010549 പ്രകാരം 65539/- രൂപയാണ് ചെലവു തുകയായി വന്നിട്ടുള്ളത്. ബാക്കി തുകയായ3146/- (68685-65539) തിരികെ ലഭ്യമാക്കിയിട്ടില്ല.
ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.25/12.08.2021) കോവിഡ്-19 കാരണം പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുകയുണ്ടായെന്നും വിദ്യാർത്ഥികൾ ടി ലാപ് ടോപ്പുകൾ തുടർന്നും ഉന്നത വിദ്യാഭ്യാസത്തിന് ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്നും ഭാവിയിൽ ഇത്തരം വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതാണെന്നും ബാക്കി തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടക്കത്തിൽ 150000/- രൂപ വകയിരുത്തി 5 കുട്ടികൾക്ക് ലാപ്ടോപ്പുകൾ നൽകാൻ തീരുമാനിച്ച പദ്ധതി ഒടുവിൽ 65539/- രൂപക്ക് 3 കുട്ടികൾക്ക് ലാപ്ടോപ്പുകൾ നൽകി അവസാനിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി ആസൂത്രണ വേളയിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വേളയിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ബാക്കി തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500202,460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്ട് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന |
|---|---|---|---|---|---|

| | | | | ശീർഷകം | ശീർഷകം |
|---|---|---|---|---|---|
| 1 | SO172/21,Installation Of Streetmain And Street Light | 22000521/08.07.2020 | 379061/- | 410600104- Elecricity Street Light | 460500202-Advance To Implementing Agencies-KSEB |
| 2 | " | 22000501/14.05.2020 | 422308/- | 410600104- Elecricity Street Light | 460500202-Advance To Implementing Agencies-KSEB |
| 3 | " | 22000977/11.11.2020 | 306220/- | 410600104- Elecricity Street Light | 460500202-Advance To Implementing Agencies-KSEB |
| 4 | " | 22000522/08.07.2020 | 310428/- | 412010101- Capital Working Progress | 460500202-Advance To Implementing Agencies-KSEB |
| 5 | " | 22000978/11.11.2020 | 1275000/- | 410600104- Elecricity Street Light | 460500202-Advance To Implementing Agencies-KSEB |
| 6 | S0016/21,Installation Of Streetmain And Street Light | 22001618/26.02.2021 | 97226/- | 252100101- Energy Electrification Of Street Light (General) | 460500202-Advance To Implementing Agencies-KSEB |
| 7 | " | 22001563/26.02.2021 | 227482/- | 251630101- Electricity Line Extension-General | 460500202-Advance To Implementing Agencies-KSEB |
| 8 | S00173/21 -Pipe Line Extension In Various Wards | 22000497/14.05.2020 | 10,00,000 | 410400103- Drinking Water – Pipelines | 460500204-Advance To Implementing Agencies-KWA |
| 9 | S00228/20 – Removal Of Damaged Water Taps( Balance Amount) | 22001276/ 09.02.2021 | 4,000/- | 253100101- Drinking Water Related Projects-General | 460500204-Advance To Implementing Agencies-KWA |

## 1-37 സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂനതകൾ

സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതിയത് പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ 100884/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം നീക്കിയിരിപ്പില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

## 1-38 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പദ്ധതിയുടെ പേര് | ചെലവ് തുക | ബിൽ നമ്പർ / വൗച്ചർ നമ്പർ | റിമാർക്ക്സ് | പരാമർശം |
|---|---|---|---|---|
| 173/20-21 പൈപ്പ് ലൈൻ നീട്ടൽ | 10,00,000/- | 33/19-20 തീയതി 18.05.2020 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കാൻ തുക ഇരിങ്ങാലക്കുട പി.എച്ച്. ഡിവിഷൻ എക്സി. എഞ്ചിനീയർക്ക് കൈമാറി | പൂർത്തീകരണ റിപ്പോർട്ട്, ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 16/20-21 സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 227482/- | 35/ 20-21 തീയതി 5.3.21 | 227482/- രൂപ വലപ്പാട് സെക്ഷന് കൈമാറി. വലപ്പാട് സെക്ഷനിലെ 01.01.2021 ലെ DB No. 22/20-21/202 നം കത്ത് പ്രകാരം | 533702/-(227482/- +306220/-) രൂപയുടെ എസ്റ്റിമേറ്റ് ഫയലിലില്ല.<br>രശീതി, തുക എപ്രകാരം വിനിയോഗിച്ച എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | 533702/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയതായും 306221/- രൂപ 16.11.2020 ൽ അടവാക്കിയതായും ബാക്കി 227481/- രൂപ അടവാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. | എന്നിവ ലഭ്യമായിട്ടില്ല. |
| | 97226/- | 36/ 20-21 തീയതി 5.3.21 | 97226/- രൂപ കയ്പമംഗലം സെക്ഷന് കൈമാറി | 97226/- രൂപയുടെ എസ്റ്റിമേറ്റ് ഫയലിലില്ല. രശീതി, ഉക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. |
| 172/20-21 സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 422308/- | 22000501/14.05.2020 | ആകെ 11,11,797/- രൂ. KSEB കയ്പമംഗലം സെക്ഷന് കൈമാറി | എസ്റ്റിമേറ്റ്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഫയലിലില്ല .കരാർ, പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. |
| | 379061/- | 22000521/08.07.2020 | | |
| | 310428/- | 22000522/08.07.2020 | | |
| | 306220/- | 22000977/11.11.2020 | KSEB വലപ്പാട് സെക്ഷന് കൈമാറി | 533702/- (227482/- [പ്രോജക്ട് 16/20-21 പ്രകാരമുള്ള ചെലവ് ] +306220/-) രൂപയുടെ എസ്റ്റിമേറ്റ് ഫയലിലില്ല. രശീതി, ഉക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. |
| | 1275000/- | 22000978/11.11.2020 | KSEB കാട്ടൂർ സെക്ഷന് കൈമാറി | എസ്റ്റിമേറ്റ്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഫയലിലില്ല. കരാർ, പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. |

മറ്റ് അപാകതകൾ

1. മേൽ ഡെപ്പോസിറ്റ് വർക്ക് നടത്തിയതിന് ഉക കൈമാറിയതിന്റെ വിവരങ്ങൾ 2020-21 അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. കൂടാതെ ഉക നൽകിയത് തെറ്റായ ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആസ്തി ശീർഷകത്തിനു പകരം ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ഖണ്ഡിക 1-36 ൽ സൂചിപ്പിച്ചിട്ടുണ്ട്.

ടി ഉകകളുടെ വിശദാംശം അഡ്വാൻസ് രജിസ്റ്ററിലും വാർഷിക കണക്കിൽ ആസ്തി ശീർഷകത്തിലും രേഖപ്പെടുത്താത്തതിനാലും തുടർവിനിയോഗം നിരീക്ഷിക്കുന്നത് അപ്രായോഗികമാണ്. മേൽ അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 46/17.08.2021)

## 1-39 ടാങ്കർ കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

25.03.2020 മുതൽ 17.04.2020 വരെയുള്ള കാലയളവിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ GPS സംവിധാനം ഘടിപ്പിച്ച ടാങ്കറുകളിൽ, ഗുണനിലവാരം ഉറപ്പ് വരുത്തി, വിതരണം ചെയ്യുന്നതിന് 11 ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് 27.02.2020 ലെ സ.ഉ.(സാധാ) 494/2020/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണത്തിനായി ടെണ്ടർ ക്ഷണിച്ച് ശ്രീ.സുജയ്.എം.ജോയ്, എന്നയാളുമായി 24.03.2020ൽ കരാറിൽ (നമ്പർ ഇല്ല) ഏർപ്പെട്ടിട്ടുണ്ട്. 25.03.2020 മുതൽ 17.4.2020 വരെ കുടിവെള്ള വിതരണം നടത്തിയതിന് വൗച്ചർ നം.22000087/28.04.2020 പ്രകാരം 153252/-രൂപ നൽകിയിട്ടുണ്ട്. 27.02.2020 ലെ സർക്കാർ ഉത്തരവിലെയും ഗ്രാമപഞ്ചായത്ത് 01.03.2020 ൽ പ്രസിദ്ധീകരിച്ച ടെണ്ടർ നോട്ടീസിലെയും(നം.A2-2708/18) കരാറിലെയും പ്രധാന വ്യവസ്ഥകളിലൊന്ന് GPS സംവിധാനം ഘടിപ്പിച്ച ടാങ്കറുകളിൽവേണം കുടിവെള്ള വിതരണം നടത്തേണ്ടത് എന്നാണ്. എന്നാൽ കരാറുകാരൻ കുടിവെള്ളവിതരണത്തിനായി ഉപയോഗിച്ച ടാങ്കറുകളിൽ പ്രസ്തുത സംവിധാനം ഉപയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വാഹന നമ്പർ | കപ്പാസിറ്റി | നിരക്ക് | ട്രിപ്പുകളുടെ എണ്ണം | നൽകേണ്ടതുക |
|---|---|---|---|---|
| KL 45 E 4989 | 430000ലി. | 1800രൂപ / ട്രിപ്പ് (36 പൈസ/ലി) | 86 | 154800.00 (1548 IT Deduction) |

| | |
|---|---|
| ആകെ തുക | 154800.00 |

GPS സംവിധാനം ഇല്ലാതിരുന്നതിനാൽ കരാറുകാരൻ ക്ലെയിം ചെയ്ത ട്രിപ്പുകളുടെ നിജസ്ഥിതി ഉറപ്പാക്കുവാനായിട്ടില്ല.

സർക്കാർ നിർദ്ദേശത്തിനും കരാറിലെ വ്യവസ്ഥയ്ക്കും വിരുദ്ധമായി GPS പ്രവർത്തിക്കാത്ത വാഹനങ്ങളിൽ കടിവെള്ള വിതരണം നടത്താൻ അനുവദിക്കുകയും ആയതിന് പണം നൽകുകയും ചെയ്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/05.08.2021) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് /ക്വാറന്റയിനിൽ ഇരിക്കുന്നതിനാൽ പുറത്തിറങ്ങാൻ സാധിക്കാത്ത സാഹചര്യത്തിൽ കടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിലെ ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്തും ജി.പി.എസ്.സംവിധാനം ഘടിപ്പിച്ച് വരുമ്പോഴുള്ള കാലതാമസം കണക്കിലെടുത്തും പഞ്ചായത്ത് കമ്മിറ്റി കടിവെള്ള വിതരണം നടത്തുന്നതിന് തീരുമാനമെടുത്തതിന്റെ (നം.1/1(2)/24.03.2020) അടിസ്ഥാനത്തിലാണ് തുക നൽകിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. കടിവെള്ള വിതരണത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിൽ മാത്രം കടിവെള്ള വിതരണം നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നിരുന്നാലും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആണ് കടിവെള്ള വിതരണത്തിന് തുക നൽകിയിട്ടുള്ളത് എന്ന മറുപടി അംഗീകരിക്കുന്നു. സർക്കാർ നിർദ്ദേശത്തിന് അനുസരണമായി മാത്രം പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി-118274/--തടസ്സപ്പെടുത്തുന്നു.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി.27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution").* ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽ നിന്നും കുളവാഴ, മറ്റ് കളകൾ, ചെളി മറ്റ് വസ്തുക്കൾ എന്നിവ നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ.നം. | പ.നം/പേര്/ കരാറുകാരൻ | എം.ബി നം. | ആകെ പ്രവൃത്തി മൂല്യം | GST 5% | GST ഉൾപ്പെടെ ആകെ തുക | ബിൽ നം. | തുക |
|---|---|---|---|---|---|---|---|
| 1 | ചിറക്കൽ ചെറുപുഴ തോട് നവീകരണം- S0122/21, ജോർജ് കുട്ടി | 160/16-17 | 821920 | 41096 | 863016 | 1.25/30.10.2020<br>2.44/27.2.2021 | 731979<br>131037 |
| 2 | നമ്പ്രാട്ടി തോട് നവീകരണം, S0225/21, ടി.കെ.ലവൻ | 55/20-21 | 240002 | 12000 | 252002 | 30/09.01.21 | 252002 |
| 3 | അറപ്പത്തോട് നവീകരണം,S0226/21, ടി.കെ.ലവൻ | 244/18-19,248 /18-19 | 234256 | 11713 | 245969 | 88/30.03.21 | 245969 |
| 4 | മാലോട് തോട് നവീകരണം, S0227/21, പി.ബി.സിദ്ധിക്ക് | 245/18-19,247 /18-19 | 117705 | 5885 | 123590 | 95/30.03.21 | 123590/- |
| 5 | കരിപ്പത്തോട് നവീകരണം, S0228/21, പി.ബി.സിദ്ധിക്ക്. | 63/20-21 | 100643 | 5032 | 105675 | 23/30.10.20 | 105675 |
| 6 | തേവർത്തോട് നവീകരണം-, S0229/21, ടി.കെ.ലവൻ | 242/18-19,246 /18-19 | 130675 | 6534 | 137209 | 95/30.03.21 | 133942 |
| 7 | ചിറക്കൽ ചെറുപുഴ തോട് നവീകരണം-രണ്ടാം റീച്ച്, S0312/21, ജോർജ് കുട്ടി | 233/18-19,243 /18-19 | 335092 | 16755 | 351847 | 89/30.03.21 | 343470 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | തീപ്പാറ്റ് കുളം മുതൽ അയ്യംകുഴി പാലം വരെ തോട് നവീകരണം, S0236/21, ടി.കെ.ലവൻ | 61/20-21 | 385185 | 19259 | 404444 | 31/09.01.21 | 404444 |
| | | | | 118274 | | | |

മേൽ പ്രകാരം 118274/- രൂപ ജി എസ് ടി ഇനത്തിൽ കരാറുകാരന് നല്കിയതായി കാണുന്നു. ഈ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/10.8.21) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഹാജരാക്കിയ സർക്കുലറിൽ കെട്ടിടങ്ങൾക്ക് ജി.എസ്.ടി അനുവദിക്കുന്ന വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ മറുപടി തൃപ്തികരമല്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക കരാറുകാരന് ജി എസ് ടി ഇനത്തിൽ കൂടുതലായി നല്കിയതിനാൽ തുക തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ 6/10.8.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഭാവിയിൽ ഇത്തരം പ്രവൃത്തികൾക്ക് ജി.എസ്.റ്റി നൽകുകയില്ല എന്നറിയിച്ചിട്ടുണ്ട്.

## 1-41 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- രശീതി, കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|
| 1/20-21 ഐ.കെ.എം വിഹിതം കൈമാറൽ | 90993/- | 90993/- | 10/15.05.2020 | ഐ.കെ.എം ന് തുക കൈമാറി | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 5/20-21 കാൻ തൃശ്ശൂർ വിഹിതം നല്കൽ | 1,00,000/- | 1,00,000/- | 29/16.11.2020 | ക്യാൻസർ രോഗനിർണ്ണയവും തുടർ ചികിത്സാസംവിധാനങ്ങളും സമഗ്രമായി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്. തുക ജില്ലാ പഞ്ചായത്തിന് കൈമാറി | രശീതി, തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. സംയുക്ത കരാറിലേർപ്പെട്ടിട്ടില്ല |

(ഓഡിറ്റ് എൻക്വയറി നമ്പർ 47/17.08.2021)

രശീതി, കംപ്ലീഷൻ റിപ്പോർട്ട്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-42 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം

അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്.

ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 27/12.08.21.)

## 1-43 അംഗീകൃതടെൻഡറിന്മേൽ നിർവഹണാധികാരി തുടർനടപടി സ്വീകരിച്ചില്ല,നഷ്ടം 65302-

അംഗീകൃതടെൻഡറിന്മേൽ നിർവഹണാധികാരി തുടർനടപടികൾ സ്വീകരിക്കാത്തതുമൂലം വാർഡ് 14ലെ കൈതപ്പുള്ളി റോഡിൽ ടൈൽ വിരിക്കൽ എന്ന പ്രവൃത്തിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ടെൻഡർ രജിസ്റ്റർ 19-20, 20-21 പാർട്ട് 1പേജ് 1 പ്രകാരം 14/8/19 നാണ് ഈ പ്രവൃത്തിയുടെ ടെൻഡർ നടന്നത്. നാലു പേർ പങ്കെടുത്ത ഈ ടെൻഡറിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ റിതിൻ ബാബു എന്നവരുടെ എസ്റ്റിമേറ്റിനേക്കാൾ 17.9999% കുറവ് എന്ന നിരക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 9(5)/2.9.19 നം. തീരുമാനപ്രകാരം അംഗീകരിച്ചെങ്കിലും ആയതിന്മേൽ യാതൊരു തുടർനടപടിയും നിർവഹണാധികാരിയായ അസി.എൻജിനീയർ സ്വീകരിക്കുകയുണ്ടായില്ല.

2012 ലെ കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ (GO(P)13/12/PWD/1/2/12 ഖണ്ഡിക 2009.6 പ്രകാരം ടെൻഡർ അംഗീകരിച്ച് ഏഴു ദിവസത്തിനുള്ളിലോ, ടെൻഡർ തീയതി മുതൽക്കുള്ള രണ്ട് മാസത്തിനുള്ളിലോ ടെൻഡർ ലഭിച്ച കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്യുകയുണ്ടായില്ല.

പ്രൊജക്റ്റ് സംബന്ധിച്ച ഫയൽ (അടങ്കൽ അഞ്ച് ലക്ഷം രൂപ തനത് ഫണ്ട് ) പരിശോധിച്ചപ്പോൾ 30/12/20 ൽ നടത്തിയ ടെൻഡറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ സി.എ.ജമാൽ (അടങ്കൽ നിരക്ക്) പ്രവൃത്തി ചെയ്യുതായിട്ടാണ് കണ്ടത്. (ഭരണസമിതി തീരുമാനം 3/8.1.21)

| | |
|---|---|
| കരാർ | 66/AE/LSGD/EDTY/20-21/20/2/21 |
| അളവുപുസ്തകം | 88/20-21 |
| ചെക്ക് നം | 022918/30.3.21, 452107 രൂപ(ട്രഷറി ചെക്ക് ) |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി അസി.എൻജിനീയർക്ക് നൽകിയ ഈ ചെക്കിൽ ഹാഷിം എന്ന കരാറുകാരനുള്ള 1018 രൂപയും ഉൾപ്പെടുന്നു.

402758 രൂപ പ്രവൃത്തിമൂല്യമുള്ള ഈ പ്രവൃത്തിക്ക് 48331 രൂപ ജി.എസ്.റ്റി ഉൾപ്പെടെ ആകെ 451089രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

ഈ പ്രവൃത്തി 17.9999% കുറവ് നിരക്കിൽ ചെയ്തിരുന്നുവെങ്കിൽ താഴെ കാണിക്കും പ്രകാരമേ ചെലവ് വരുമായിരുന്നുള്ളൂ.

| | |
|---|---|
| പ്രവൃത്തിമൂല്യം | 402758 |
| 17.9999% കുറവ് | 72496 |
| വരുമായിരുന്ന ചെലവ് | 330262+GST |
| അതായത് | 330262 + |
| ജി.എസ്.റ്റി | 39631 |
| ആകെ | 369893 |
| അധികം വന്ന ചെലവ് | 451089(-)369893=81196 |

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 14/11.8.21 ന് അസി. എൻജിനീയർ രേഖാമൂലം മറുപടി ലഭ്യമാക്കിയതിൽ സെലക്ഷൻ നോട്ടീസ് നൽകി നാളുകൾ കഴിഞ്ഞിട്ടും കരാറുകാരൻ എസ്റ്റിമേറ്റ് നൽകിയതിനാലും, ടെണ്ടർ കുറവ് മൂലം ലഭിക്കുന്ന തുകകൊണ്ട് മറ്റ് പ്രവൃത്തികൾക്കുള്ള പ്രൊജക്റ്റ് തയ്യാറാക്കിയതിനാൽ തൊട്ടടുത്ത കരാറുകാരനെകൊണ്ട് ചെയ്യിക്കാൻ സാധിക്കാത്തതിനാലും പഞ്ചായത്ത് പ്രൊജക്റ്റ് റദ്ദ് ചെയ്തു എന്നുമാണ്, ഇത് സംബന്ധിച്ച ഫയൽ പ്രൊജക്റ്റ് നം.60/20 പരിശേധിച്ചപ്പോൾ 12/8/19 ന് നടത്തിയ ടെൻഡറിന് ആയതിന്റെ ഫേം പിരീഡിന് മുമ്പ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതായി കണ്ടില്ല. 21/1/20 ൽ കരാറുകാരന് തെറ്റായ മേൽവിലാസത്തിൽ (പി.ഒ.പുല്ലൂറ്റ് എന്നതിന് പകരം പി.ഒ.കൊടുങ്ങല്ലൂർ എന്ന തെറ്റായി) രജിസ്റ്റേഡ് കത്ത് അയച്ചു. ആയത് ആളെ കണ്ടെത്താനാകാതെ തിരിച്ചുവന്നു. തുടർന്ന് 18/2/20ന് ശരിയായ മേൽവിലാസത്തിൽ കരാറുകാന് കത്തയച്ചുവെങ്കിലും യാതൊരു പ്രയോജനവുമുണ്ടായില്ല.

നിർവഹണാധികാരിയായ അസി.എൻജിനീയർ ടെണ്ടറിന്മേൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് കുറഞ്ഞ നിരക്കിൽ ഈ പ്രവൃത്തി നടക്കാതെ പോയത്. യഥാസമയം നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ 363000 രൂപ സംരക്ഷണഗ്രാന്റ് റോഡ് വകയിരുത്തിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പി.എ.സി.ആയ 362790.96 രൂപയുടെ 17.9999% ആയ 65302 രൂപ ലാഭിക്കാമായിരുന്നു. ആയതിനാൽ ഇപ്രകാരം നഷ്ടമായ 65302 രൂപ ആയതിന് ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നും ഈടാക്കി തനതുഫണ്ടിലടവാക്കേണ്ടതാണ്. (സ്പിൽ ഓവർ പ്രൊജക്റ്റ് തനത്ഫണ്ട് ആയതിനാൽ)

## 1-44 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി.എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡീറ്റയിൽഡ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്.

2 ഗ്രാമപഞ്ചായത്തിൽ ചമച്ചിട്ടുള്ള കരാറുകളിലെല്ലാം കരാറിലെ ഏഴാം നിബന്ധന പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ, സമയബന്ധിതമായി പ്രവൃത്തിപൂർത്തീകരിക്കാൻ കഴിയാത്ത പക്ഷം പ്രവൃത്തി കാലയളവിന്റെ 20% വരെ കാലാവധി നീട്ടി നൽകാമെന്നും തുടർന്നു വരുന്ന ആദ്യ മൂന്നു മാസത്തിൽ PACയുടെ 1% നിരക്കിൽ തുടർന്നുള്ള ഓരോ മൂന്നു മാസത്തിനും PACതുകയുടെ 2% നിരക്കിലും പിഴ ഈടാക്കികൊണ്ട് പ്രവൃത്തി നിർവ്വഹിക്കാമെന്നാണ്. ഇത്തരത്തിൽ കരാർ ചമയ്ക്കുന്നതു 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇതിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റേതായ കാരണത്താൽ പ്രവൃത്തി നീട്ടി അനുവദിക്കുമ്പോൾ ആദ്യ പ്രാവശ്യം PACതുകയുടെ 1% നിരക്കിൽ പിഴ

ഈടാക്കികൊണ്ട് കരാർ സമയത്തിന്റെ 25% അധിക സമയം നീട്ടി നൽകാമെന്നും തുടർന്ന് ഒരു പ്രവശ്യം കൂടി 25% അധിക സമയം 2% നിരക്കിൽ പിഴ ഈടാക്കികൊണ്ട് കരാർ ദീർഘിപ്പിക്കാം. യാതൊരു കാരണവശാലും 50%ൽ അധിക സമയം നീട്ടി അനുവദിക്കാൻ പാടുള്ളതല്ല.

പുതുക്കിയ KPWD മാന്വൽ ത.സ്വ.ഭ വകുപ്പ് സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ളതിനാൽ ആയതിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് ഭാവിയിൽ കുറ്റമറ്റരീതിയിൽ കരാർ ചമയ്ക്കുവാനും കരാർ നടപടിക്രമങ്ങൾ പാലിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. വൈകി പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കാൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരമുള്ള സംഗതികളിൽ ആയത് ഈടാക്കി കാണുന്നില്ല. വൈകി പൂർത്തിയാക്കുന്ന കരാറുകാരിൽനിന്ന് പിഴ ഈടാക്കിയാലേ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവർ ഉത്സാഹം കാണിക്കു.

## 1-45 തൊഴിലുറപ്പ്പദ്ധതി-പൊതുവിവരങ്ങൾ

മുന്നിരിപ്പടക്കം തൻവർഷം ലഭ്യമായ 20548601രൂപയിൽ 20540723 രൂപയും ചെലവഴിച്ചിട്ടുണ്ട്. 930 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചെങ്കിലും 181 എണ്ണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 348 കുടുംബങ്ങൾക്ക് 100 ദിവസം പ്രവൃത്തി നൽകുക വഴി കഴിഞ്ഞ വർഷത്തിൽനിന്നും ഇരട്ടിയിലേറെ പുരോഗതി കൈവരിക്കാൻകഴിഞ്ഞിട്ടുണ്ട്. 12 സ്ഥിരാസ്തികൾ തൻവർഷം സൃഷ്ടിക്കാൻ കഴിഞ്ഞു. ഭൂവികസന, നീർത്തട, ജലസേചന പദ്ധതികൾക്കാണ് പ്രധാനമായും തുക ചെലവഴിച്ചിട്ടുള്ളത്. 783835 രൂപ റോഡ് നിർമാണത്തിനും 109533 രൂപ അംങ്കണവാടി പൂർത്തീകരണത്തിനായും ചെലവഴിച്ചിട്ടുണ്ട്.

## 1-46 ക്വാറി മക്ക് - പൊതുമരാമത്ത് ഒബ്സർവ്ഡ് ഡാറ്റാ, എൻ.ആർ.ഇ.ജി.എസ് നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന റോഡ് പണിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിനുള്ള നിരക്ക് OD43738/20-21 പ്രകാരം ഘനമീറ്ററിന് 928.23 (കൂലിചെലവ് അടക്കം സാധന വില 750/-)രൂപയാണ്. കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ് എന്നിവ ഉൾപ്പെടെയാണ് മേൽ നിരക്ക് നിർണയിച്ചിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പ്പദ്ധതിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിന്റെ നിരക്ക് ഘനമീറ്ററിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 1263.348 രൂപയാണ്. (കൂലിചെലവ് അടക്കം സാധന വില 1250/-രൂപ). കൂലിച്ചെലവുകൾ ഉൾപ്പെടെയാണ് മുകളിൽപറഞ്ഞ വില കണക്കാക്കിയിട്ടുള്ളത്. രണ്ടു നിരക്കും തമ്മിലുള്ള വ്യത്യാസം 335.118 രൂപ, അതായത് 46.88% വ്യത്യാസമുണ്ട്. ഒരേ സ്ഥാപനത്തിൽ തന്നെ രണ്ട് വ്യത്യസ്ത നിരക്ക് പിൻതുടരുന്നത് അംഗീകരിക്കുന്നതല്ല. തൊഴിലുറപ്പ്പദ്ധതിക്കായി ഉപയോഗിച്ച ക്വാറിമക്കിന്റെ അളവ്, അനുവദിച്ച തുക, മരാമത്തുവിഭാഗത്തിലായിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് എന്നിവ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | ആറാം വാർഡിലെ സൗഹൃദ റോഡ് നിർമാണം |
|---|---|
| അടങ്കൽ | 150000 |
| ഉപയോഗിച്ച ക്വാറിമക്ക് | 70.875 $M^3$ |
| വേണ്ടിവന്ന ചെലവ് | 89539.789 |
| ത.സ്വ.ഭ.വ.വിഭാഗത്തിലായിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് | 70.875X928.23 = 65788.301 |
| ചെലവിലെ അന്തരം | 23751.48 |
| അളവുപുസ്തകം | 13/19-20 പേജ് 4 |

2.മാഞ്ഞാക്കൽ ക്ഷേത്രം റോഡ് നിർമാണം

| | |
|---|---|
| അടങ്കൽ | 200000 |
| ഉപയോഗിച്ച ക്വാറിമക്ക് | 74.25m3 |
| വേണ്ടിവന്ന ചെലവ് | 93803.589 |
| ത.സ്വ.ഭ.വ മരാമത്തുപണിചെലവാണെങ്കിൽ വേണ്ടിവരുമായിരുന്ന ചെലവ് | 74.25x928.23=68921.08 |
| ചെലവിലെ അന്തരം | 24882.51 |
| അളവുപുസ്തകം | 161/20-21,പേജ് 14 |

3.കുനിപ്പറമ്പ് റോഡ് നവീകരണം

| | |
|---|---|
| അടങ്കൽ | 150000 |
| ഉപയോഗിച്ച ക്വാറി മക്ക് | 105.75m3 |
| വേണ്ടി വന്ന ചെലവ് | 133539.83 |
| ത.സ്വഭ.വ മരാമത്ത് പണിയാണെങ്കിൽ വേണ്ടിവരുമായിരുന്ന ചെലവ് | 98160.322 |
| ചെലവിലെ അന്തരം | 35374.51 |
| അളവുപുസ്തകം | 154/18-19 |

4.തലാപുരം പ്രദേശത്ത് വില്ലേജ് റോഡ് നിർമാണം

| | |
|---|---|
| അടങ്കൽ | 390000 |
| ഉപയോഗിച്ച ക്വാറിമക്ക് | 60 $M^3$ |
| വേണ്ടിവന്ന ചെലവ് | 75767.40 |

| | |
|---|---|
| ത.സ്വ.ഭ.വ.മരാമത്ത് പണിയാണെങ്കിൽ വേണ്ടിവരുമായിരുന്ന ചെലവ് | 55693.80 |
| ചെലവിലെ അന്തരം | 20073.60 |
| അളവുപുസ്തകം | 126/18-19 |

5.പത്താം വാർഡിൽ തലാപുരം പ്രദേശത്ത് വില്ലേജ് ലിങ്ക് റോഡ് നിർമ്മാണം

| | |
|---|---|
| അടങ്കൽ | 100000 |
| ഉപയോഗിച്ച ക്വാറിമക്ക് | 43.65 $M^3$ |
| വേണ്ടിവന്ന ചെലവ് | 55120.70 |
| ത.സ്വ.ഭ.വ മരാമത്ത് പണിയാണെങ്കിൽ വേണ്ടിവരുമായിരുന്ന ചെലവ് | 40517.24 |
| ചെലവിലെ അന്തരം | 14603 |
| അളവുപുസ്തകം | 126/18-19 |

6.ജുമാ മസ്ജിദ് റോഡ് കോൺക്രീറ്റിങ്

| | |
|---|---|
| അളവുപുസ്തകം | 152/20-21 ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക കണക്കാക്കാനായിട്ടില്ല. |

7കണ്ണമ്പുള്ളി പ്രദേശത്ത് കുട്ടാലപ്പറമ്പ്-മാണിയംതാഴം വരെ റോഡ് നിർമാണം

| | |
|---|---|
| അടങ്കൽ | 390000 |
| ഉപയോഗിച്ച് ക്വാറി മക്ക് | 121.5 $M^3$ |
| വേണ്ടി വന്ന ചെലവ് | 153496.78 |
| ത.സ്വ.ഭ.വ.മരാമത്ത് പണിയാണെങ്കിൽ വേണ്ടിവരുമായിരുന്ന ചെലവ് | 112779.95 |
| ചെലവിലെ അന്തരം | 40716.83 |
| അളവുപുസ്തകം | 154/18-19 |

രണ്ട് നിരക്കുകളും ഏകീകൃതമാക്കുന്നതിനു വേണ്ടിയുള്ള ക്രിയാത്മകമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-47 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ വീട് പണിപൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ., ചെത്രാപ്പിന്നി നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണിപൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ (എസ്.സി),S0151/20 | സുശീല,w/o മോഹനൻ | 30000/- | 27.11.2018 |
| ലൈഫ് പദ്ധതി (എസ്.സി),S0180/20 | ഷൈലജ സജു | 40000/- | 12.07.2018 |

(ഓഡിറ്റ് എൻക്വയറി-നം.37/13.08.2021)

എത്രയും വേഗം ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശം നൽകി പ്രൊജക്ടിന്റെ ലക്ഷ്യപ്രാപ്തി ഉറപ്പു വരുത്തേണ്ടതാണ്.

## 1-48 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് വിങ്ങ് പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Advisor, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan,Chennai എന്ന മേൽവിലാസത്തിൽ 250രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2020-21 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി ഓർജസ്, കാറളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.(നം.17/11.8.21)

## 1-49 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ വീട് പണിപൂർത്തികരിച്ചിട്ടില്ല

വി.ഇ.ഒ, എടത്തിരുത്തി നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്നപദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണിപൂർത്തികരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ (ജനറൽ), S0149/20 | സുഹറ സഗീർ | 25000/- | 18.01.2019 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശം നൽകി പ്രൊജക്ടിന്റെ ലക്ഷ്യപ്രാപ്തി ഉറപ്പു വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.48/17.08.2021)

## 1-50 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമാണം. യൂണിറ്റ് കോസ്റ്റിനേക്കാൾ അധിക തുക നൽകിയത്.

നിർവ്വഹണോദ്യോഗസ്ഥൻ. വി.ഇ.ഒ എടത്തിരുത്തി സർക്കിൾ

പ്രോജക്ട് നമ്പർ. S0325/21

ഫണ്ട് സ്വച്ച് ഭാരത് മിഷൻ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ്.

ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട വീട്ടു നിർമ്മാണത്തിന് ശുചിമുറി ഉൾപ്പെടെ മുഴുവൻ ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് നാലു ലക്ഷം രൂപയാണ്. എന്നാൽ ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമാണം എന്ന പ്രോജക്ടിലുൾപ്പെടുത്തി എടത്തിരുത്തി ഗ്രാമ പഞ്ചായത്തിൽ 20-21 വർഷം, മുൻപ് ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട് ഭവനനിർമാണം പൂർത്തിയാക്കിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ശുചിമുറി നിർമ്മാണത്തിനായി ചെക്ക് നം.022909/26.03.2021 പ്രകാരം 19 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ധനസഹായം അനുവദിച്ചപ്പോൾ അത് നാലു ലക്ഷം എന്ന യൂണിറ്റ് കോസ്റ്റിന് മുകളിലായാണ് അനുവദിച്ചത് എന്നു കാണുന്നു. ഇപ്രകാരം ധനസഹായം അനുവദിച്ചതിന്റെ സാധുത വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.49/17.08.2021) ലഭ്യമാക്കിയ സർക്കാർ ഉ.നം.(കൈ)34/2018/തസ്വഭവ/16.03.2018, സർക്കാർ ഉ.നം.(സാധാ)292/2019/തസ്വഭവ/11.02.2019, തൃശ്ശൂർ ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ നടപടി ക്രമ.നം.1068/DSM/2018/22.01.2019, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 21.07.2018 തിയ്യതിയിലെ 334/ഡി.സി/1/18/തസ്വഭവ Dt 21.07.2018 ഉത്തരവ് ഖണ്ഡിക 1 ലെ വ്യവസ്ഥകൾ, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ G.O(Rt)No.174/2021/LSGD/22.01.2021 ഉത്തരവിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം വെളിയിട വിസർജ്ജന മേഖല സുസ്ഥിരമായി നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവനപദ്ധതിയിലെ ബി.പി.എൽ, എസ്.എസി, എസ്.ടി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കാൻ പെർഫോർമൻസ് ഇൻസെന്റീവ് തുക ഉപയോഗിക്കാം എന്നാണ് ഉത്തരവിൽ ഉള്ളത്. എന്നാൽ ഇപ്രകാരം തുക അനുവദിക്കുമ്പോൾ യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് നൽകാം എന്ന് ഉത്തരവിലില്ല. ആയതിനാൽ ഈ പ്രോജക്ട് നടപ്പിലാക്കുന്ന സമയത്ത് മാത്രം കുറച്ച് ഗുണഭോക്താക്കൾക്ക് അധിക ആനുകൂല്യം കിട്ടി എന്ന് കണക്കാക്കാനെ കഴിയൂ. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തത വരുത്തേണ്ടതാണ്. സർക്കാരിന്റെ സാധൂകരണം ലഭ്യമാകുന്നതു വരെ ആകെ 228000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ദേവയാനി.എം.കെ | 12000 |
| 2 | ശാരദ.കെ.കെ | 12000 |
| 3 | പ്രീതി.കെ.ടി | 12000 |
| 4 | ദേവകി വാസു | 12000 |
| 5 | ചിത്ര | 12000 |
| 6 | ലേഖ സീനി | 12000 |
| 7 | പ്രീത | 12000 |
| 8 | വിലാസിനി ഷൺമുഖൻ | 12000 |
| 9 | മാലതി.കെ.എസ് | 12000 |
| 10 | കെ.ആർ.വിജയ | 12000 |
| 11 | ശേഖരൻ.കെ.സി | 12000 |
| 12 | ചന്ദ്രമതി | 12000 |
| 13 | സയൻഷ്യ ബൈജു | 12000 |
| 14 | ഷീബ.എം.എസ് | 12000 |
| 15 | വാഹിദ | 12000 |
| 16 | സീനത്ത് | 12000 |
| 17 | മേഴ്സി | 12000 |
| 18 | തങ്കമണി ആനന്ദൻ | 12000 |
| 19 | സുലൈഖ അബ്ദുൽറഹീം | 12000 |
| ആകെ | | 228000/- |

## 1-51 സാങ്കതികാനുമതി മറികടന്ന് കരാറുകാരന് അധികതുക നൽകി,227529/- രൂപ തടസ്സപ്പെടുത്തുന്നു

ഗാന്ധി കോളനി റോഡ് റീടാറിങ് എന്ന പ്രവൃത്തിയിലാണ് മേൽക്കാണിച്ച നഷ്ടം ഉണ്ടായിട്ടുള്ളത്. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ:- അസി.എഞ്ചിനീയർ

| | |
|---|---|
| പ്രൊജക്റ്റ് നം | 62/20 |
| അടങ്കൽതുക | 589000 |
| കരാറുകാരൻ | എം.എം.ഹാഷിം |
| കരാർ | 45/AE/LSGD/EDTY/20-21/29.12.20 |
| രേഖപ്പെടുത്തിയ പി.എ.സി | 525625.43 |
| അളവുപുസ്തകം | 66/20-21 |
| ബിൽ നം,തുക | 53/16.3.21, 589000<br>54/16.03.21, 277229 |
| ആകെ | 866229 |
| പ്രവൃത്തിമൂല്യം | 773419 |
| ജി.എസ്.റ്റി12% | 92810 |
| ആകെ ചെലവ് | 866229 |

5/6/20 ലെ ക്വട്ടേഷൻ പ്രകാരം രേഖപ്പെടുത്തിയ കരാറുകാരന്റെ നിരക്ക് 19(1)/22.6.20 ലെ തീരുമാനപ്രകാരം അംഗീകരിച്ച് അന്നേ ദിവസത്തെ 255/21 നമ്പർ സെലക്ഷൻ നോട്ടീസ് അയച്ചെങ്കിലും പിഴയോടുകൂടിയ കരാർ ചമക്കുന്ന സമയം കഴിഞ്ഞാണ് കരാർ ചമച്ചിട്ടുള്ളത്. ഇത്തരം സംഗതികളിൽ ടെണ്ടർ കൊട്ടേഷൻ റദ്ദ് ചെയ്ത് കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടണമായിരുന്നു. മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ നിർവഹണാധികാരി യാതൊരിടത്തും അധികപ്രവൃത്തി വേണ്ടിവരുമെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതിനായി പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടോ, പുതുക്കിയ വിശദമായ എസ്റ്റിമേറ്റോ തയ്യാറാക്കിയിട്ടില്ല ആയതിനാൽ തന്നെ സാങ്കേതികാനുമതി ലഭിച്ചതായി രേഖകളുമില്ല. അനുപൂരകകരാർ ചമച്ചിട്ടുമില്ല.

2. 2020-21 ലെ പുതുക്കിയ പ്രൊജക്റ്റ് പ്രകാരം (255/21) 876000 രൂപയാണ് അടങ്കൽ, റോഡ് സംരക്ഷണഗ്രാന്റ് 589000 രൂപ, 287000 രൂപ വികസനഫണ്ട്. പക്ഷെ, പ്രൊജക്റ്റ് ഫോറത്തിലൊന്നും തന്നെ അടങ്കൽ പുതുക്കിക്കൊണ്ടുള്ള മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി, ഭരണസമിതി തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഈ ഫോറത്തിൽ ഭേദഗതി വരുത്താത്ത സ്പിൽ ഓവർ പ്രൊജക്റ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല പ്രൊജക്റ്റ് ഫോറം തയ്യാറാക്കിയിട്ടുള്ളത്.

3. പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കാത്തതിനാൽ രേഖപ്പെടുത്തിയ പി.എ.സി.525625.43 രൂപയുടെ 12% ജി.എസ്.റ്റി 63075രൂപ ഉൾപ്പെടെ 588700 രൂപക്ക് മാത്രമേ കരാറുകാരന് അർഹത കാണുന്നുള്ളൂ.

ആയതിനാൽ കൂടുതൽ നൽകിയ 227529 രൂപ കരാറുകാരനിൽനിന്നോ ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നോ ഈടാക്കി വികസനഫണ്ടിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.21/12.8.21)

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ റോഡ് പൂരണ്ണമായി തകർന്നതിനാൽ എത്രയും വേഗം സഞ്ചാരയോഗ്യമാക്കുന്നതിന്റെ ഭാഗമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് സാങ്കേതികാനുമതി വാങ്ങി ടെൻഡർ, റീടെൻഡർ, കൊട്ടേഷൻ, റീകൊട്ടേഷൻ എന്നിവ നടത്തിയതിന് ശേഷമാണ് പ്രവൃത്തി നടത്തിയത് എന്നാണ്. എന്നാൽ ആയത് സാധൂകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട്, മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം, വിശദമായ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, ടെൻഡർ മുതൽ റീകൊട്ടേഷൻ വരെ നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവയൊന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ സാങ്കേതികാനുമതിത്തുകയെ മറികടന്ന് നൽകിയ തുക 227529/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-52 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം -തുടർനടപടികൾ സ്വീകരിച്ചിട്ടില്ല, വിനിയോഗവിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല

288/21 നമ്പർ പ്രൊജക്റ്റ് ആയ ആർ.സി.ചർച്ച് റോഡ് കാന നിർമാണം എന്ന പ്രവൃത്തിയിലാണ് മേൽ അപാകതകളുള്ളത്. പ്രൊജക്റ്റ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | 600000 |
| കരാറുകാരൻ | റ്റി.കെ. ലവൻ |
| കരാർ | 68/AE/LSGD/EDTY/20-21/20.2.21 |
| അളവുപുസ്തകം | 84/20-21 |

അളവുപുസ്തകം പേജ് 5 ൽ ഇനം 1 പ്രകാരം 96.27m3 മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പേജ് 29 ൽ 16$m^3$ മണ്ണും കഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം മൊത്തം ലഭിച്ച 112.27m3 മണ്ണ് എന്ത് ചെയ്തു എന്നുള്ള വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരമുള്ള സംഗതികളിൽ മണ്ണ് സൗകര്യപ്രദമായ സ്ഥലത്ത് അട്ടിയിട്ട് ലേലനടപടിക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയാണ് വേണ്ടിയിരുന്നത്. മണ്ണിന്റെ വിനിയോഗവിവരം രേഖപ്പെടുത്തി സൂക്ഷിക്കാത്തത് ആധികാരികമായ നടപടിയുമല്ല. ആയതിനാൽ തന്നെ എത്രയും വേഗം ഇപ്രകാരം ലഭിച്ച മുഴുവൻ മണ്ണും ലേലം ചെയ്ത് അതുവഴി കിട്ടുന്ന തുക പഞ്ചായത്തുഫണ്ടിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം.21/12.8.21 )

## 1-53 കുഴിച്ചെടുത്ത മണ്ണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതുപ്രകാരമുള്ള പ്രവൃത്തിക്കായി ഉപയോഗിച്ചിട്ടില്ല

കയ്യാലപ്പറമ്പ് ക്ഷേത്രം റോഡ് കാന നിർമാണം എന്ന പ്രവൃത്തിയിലാണ് മേൽപ്പറഞ്ഞ അപാകത ഉണ്ടായിട്ടുള്ളത്. വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | 620000 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| കരാറുകാരൻ | ടി.കെ.ലവൻ |
| കരാർ | 20AE/LSGD/EDTY/19-20/7.2.20 |
| അളവുപുസ്തകം | 193/18-19 |

മേൽപറഞ്ഞഅളവുപുസ്തകത്തിലെ 2 മുതൽ 4 വരെയുള്ള പേജുകളിൽ ഇനം 1 പ്രകാരം കുഴിച്ചെടുത്ത 58.56 $M^3$ മണ്ണ് കാനയുടെ പാർശ്വഭാഗങ്ങളിൽ ഫിൽ

ചെയ്യുവാനും ബീരാൻകുഞ്ഞ് റോഡിൽ ഫോർമേഷനുവേണ്ടി ഉപയോഗിക്കുന്ന എന്നും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പക്ഷെ, ബീരാൻകുഞ്ഞ് റോഡ് സോളിങ് മെറ്റലിങ് ടാറിങ് എന്ന പ്രൊജക്റ്റ് പരിശോധിച്ചപ്പോൾ (74/20) മേൽ പ്രകാരം കുഴിച്ചെടുത്ത മണ്ണ് ടി പ്രവൃത്തിയുടെ ഏഴാം ഇനമായ മണ്ണ് കൊണ്ടുള്ള ബണ്ട് നിർമാണത്തിന് ഉപയോഗിച്ചിട്ടില്ല എന്ന് കണ്ടു.

ഇവിടെ അളവുപുസ്തകം 173/18-19ന്റെ 1 മുതൽ 3 വരെ പേജുകളിൽ 180.12 $M^3$ മണ്ണ് ഫില്ലിങ്ങിന് വേണ്ടിവന്നിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കയ്യാലപ്പറമ്പ് ക്ഷേത്രം റോഡ് കാന നവീകരണത്തിന്റ ഭാഗമായി ലഭിച്ച മണ്ണ് തീരെ ഉപയോഗിക്കാതെ തന്നെ ബീരാൻകുഞ്ഞ് റോഡ് സോളിങ് മെറ്റലിങ് ടാറിംഗ് എന്ന പ്രവൃത്തിക്ക് വേണ്ടി $M^3$ ന് 401 നിരക്കിൽ 180.12m3 ന് 72242 രൂപ അളവുപുസ്തകം പേജ് നമ്പർ 25 ൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. (ട്രഷറി ചെക്ക് നമ്പർ 3735261/22.3.21 345579 രൂപ)

കുഴിച്ചെടുത്ത മണ്ണ് എങ്ങിനെ വിനിയോഗിക്കണമെന്ന് എസ്റ്റിമേറ്റിൽ വകയിരുത്താതെയും ടി മണ്ണ് ലേലം ചെയ്യുവാനുള്ള നടപടിക്കായി ശുപാർശ ചെയ്യാതെ മറ്റൊരു പ്രവൃത്തിക്കായി ഉപയോഗിക്കുന്നുവെന്ന അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയും, എന്നാൽ വാസ്തവത്തിൽ അപ്രകാരം ചെയ്യാതെ പുറമേ നിന്ന് കൊണ്ടുവന്ന മണ്ണിന് തുക അനുവദിക്കുകയും ചെയ്ത നിർവഹണാധികാരിയായ അസി.എൻജിനീയറുടെ നടപടി ഒട്ടും തന്നെ ക്രമപ്രകാരമല്ല.

വാസ്തവവിരുദ്ധമായ കാര്യം 193/18-19 നമ്പർ അളവുപുസ്തകത്തിൽ രേഖപ്പെടുത്തുവാനുണ്ടായ കാരണം വിശദമാക്കേണ്ടതും മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്നുമുള്ള (ഓഡിറ്റ് എൻക്വയറി നം.32/13.8.21) ഓഡിറ്റ് എൻക്വയറിക്ക് അസി.എൻജിനീയർ നൽകിയ മറുപടിയിൽ 20$m^3$ മണ്ണ് കാനയുടെ പാർശ്വഭാഗങ്ങളിൽ ഫിൽ ചെയ്യുവാനും 15 $M^3$ മണ്ണ് ബീരാൻകുഞ്ഞ് റോഡിലെ വലിയ കുഴികൾ നികത്തുവാനും ഉപയോഗിച്ച എന്നാണ്. ബീരാൻകുഞ്ഞ് റോഡിന് വേണ്ടി മണ്ണ് ഉപയോഗിച്ച എന്നുള്ളത് ആധികാരികമല്ലാത്തതിനാൽ കാനയുടെ പാർശ്വഭാഗങ്ങളിൽ ഉപയോഗിച്ചതിന് ശേഷം ബാക്കിവന്ന 38.56 $M^3$ മണ്ണ് എത്രയും വേഗം ലേലം ചെയ്യേണ്ടതും ലേലതുക തനതുഫണ്ടിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-54 അസി.എഞ്ചിനീയറുടെ പദ്ധതിനിർവഹണവും പദ്ധതിച്ചെലവും

തൻവർഷം 124 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 91 പ്രൊജക്റ്റുകൾക്ക് തുക ചെലവിടാൻ കഴിഞ്ഞിട്ടുണ്ട്. 73.38% തുക ചെലവിട്ടതുവഴി ഒരു പരിധി വരെ മുൻവർഷത്തെ പദ്ധതിനിർവഹണത്തിലെ ന്യൂനത പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 59124023 രൂപയുടെ അടങ്കൽ വകയിരുത്തിയതിൽ 37212048 രൂപ ചെലവഴിച്ച, 62.93% ചെലവഴിച്ച പ്രൊജക്റ്റുകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ചെലവ് ശതമാനം താരതമ്യേന കുറവാണ്. പദ്ധതിതുക പരമാവധി ചെലവഴിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-55 ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികൾ - ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ -ഹെഡ്മിസ്ട്രസ്

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|
| 53/20-21-SSK വിഹിതം നൽകൽ | 6,00,000/- | 6,00,000/- വികസന ഫണ്ട് | 22000512/28.05.2020 | SSK ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറി | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.27/12.08.2021)

## 1-56 ക്ലാസ് മുറികൾ ഹൈടെക് ആക്കൽ -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല- 73651/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പെരുമ്പടപ്പ്

| | |
|---|---|
| പദ്ധതി നമ്പർ | 268/20-21 (ജി.ൽ.പി.സ്കൂളിലെ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കൽ |
| അടങ്കൽ | 191594/(മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 191248/ |
| ബിൽ നമ്പർ | 6/20-21 തീയതി 20.12.2020 തുക 94268/ |
| | 3/20-21 തീയതി 29.10.2020 തുക 90980/ |

മേൽ ബില്ലുകളിൽ ഉൾപ്പെടുത്തി ജി.ൽ.പി.സ്കൂളിലെ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിന് വേണ്ടി ജെം പർച്ചേസിലൂടെ താഴെപ്പറയുന്ന ഇനങ്ങൾ സ്കൂളിലേയ്ക്ക് വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | ജി.എസ്.ടി ഉൾപ്പെടെയുള്ള തുക | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| Epson Printer | 1 | 22769/- | SB 10331/ 21.12.20 |
| Epson EB 536 WI PROJECTOR SN. | 1 | 71498/- | SB 10332/ |

| | | | |
|---|---|---|---|
| VEWF9Z0071L | | | 21.12.20 |
| Epson EB 530 PROJECTOR SN. VFSF020354L/VFSF020363L | 2 | 45490 X 2= 90980/- | SB 10258/ 20.10.20 |

സ.ഉ. (സാധാ) നം. 3847/2019/ പൊ.വി.വ. തീയതി 27.09.2019 പ്രകാരം പൊതുവിദ്യാഭാസ വകുപ്പിലെ സ്കൂളുകളും ഹൈടെക് ആക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ വ്യവസ്ഥകൾ (1), (3) എന്നിവ പ്രകാരം ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് എന്നിവ സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ അനുബന്ധം ആയി നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് വാങ്ങേണ്ടത്. എല്ലാ ഐ.ടി. ഉപകരണങ്ങൾക്കും 5 വർഷം വാറണ്ടി ഉറപ്പാക്കണം. ഉപകരണങ്ങൾ ലഭ്യമാക്കിയ പദ്ധതി, വർഷം, ധനസ്രോതസ്സ് എന്നീ വിവരങ്ങൾ സ്കൂളിൽ ഉണ്ടായിരിക്കേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഇന്ററാക്ടീവ് ബോർഡ്, സ്മാർട്ട് ടി.വി. എന്നിവ വിന്യസിക്കേണ്ടതില്ല. ടി ഉത്തരവ് പ്രകാരം പ്രൊജക്ടർ (Native Resolution XGA 1024 X 768, Brightness 3600 ANSI Lumens, Warranty – 5 Years, BIS Certification) – 22509/- രൂപയിലും പ്രൊജക്ടർ സീലിംഗ് മൗണ്ടിംഗ് കിറ്റ് (Supply & Installation)- 4900/- രൂപയിലും പ്രൊജക്ടർ സ്ക്രീൻ (Wall Type Pull Down Projector Screen) -2200/- രൂപയിലും (ആകെ 29609/- രൂപ) അധികരിക്കാൻ പാടില്ല. എന്നാൽ പദ്ധതി പ്രകാരം പ്രൊജക്ടറിന് 71498/- ( 1 എണ്ണം), 45490/- (2 എണ്ണം) നിരക്കുകളിൽ നൽകിയിട്ടുണ്ട്.
ഓഡിറ്റ് അന്വേഷണം നൽകിയതിൽ പ്രസ്തുത പ്രോജക്ടർ വാങ്ങിയത് കുട്ടികൾക്ക് കണ്ടും കേട്ടും എഴുതിയും പഠിക്കാൻ പ്രയോജനപ്രദമായതിനാലാണ് എന്നാണ് മറുപടി നല്കിയത്.

26.05.2020 തീയതിയിലെ 4/1 ഭരണസമിതി തീരുമാന പ്രകാരം ജി.എൽ.പി.എസ് ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് ഉപകരണങ്ങൾ വാങ്ങൽ 132/20(സ്പിൽ ഓവർ നം. 268/20) എന്ന പദ്ധതിയുടെ ഇന്ററാക്ടീവ് ബോർഡ്, പ്രിന്റർ, സ്ക്രീൻ, പ്രൊജക്ടർ എന്നിവയ്ക്കായി കെൽട്രോണിന് കത്തയച്ചിട്ടും ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ടി ഉപകരണങ്ങൾ നിലവിലെ സാഹചര്യത്തിൽ അത്യാവശ്യമായതിനാൽ നിയമാനുസാരണം ടെൻഡർ മുഖേന വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിനെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. 3.3.21 ലെ പർച്ചേസ് കമ്മിറ്റി ടി ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ചതിനാൽ അധികമായി നൽകിയ തുക 41889/- രൂപ (71498-29609) + 31762/- രൂപ [(45490-29609) X 2] = 73651/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.29/12.08.2021)

## 1-57 മോണിറ്ററിങ് റിപ്പോർട്ട് ഭാഗികമായി മാത്രം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല

13 ാം പദ്ധതി മാർഗരേഖയിലെ (സ.ഉ.( കൈ)11/18/ത.സ്വ.ഭ.വ.തിരുവനന്തപുരം തീയതി 20/1/18 ) 13.1 ഖണ്ഡിക അനുസരിച്ച് അതാതു വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തണമെന്ന് നിർദേശിക്കുന്നുണ്ട്. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് ഗ്രൂപ്പ് ആയി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ് റപ്പോർട്ട് തയ്യാറാക്കി നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും സമർപ്പിക്കേണ്ടതുമാണ്. പക്ഷെ 2019-20 ൽ സ്പിൽ ഓവർ ചെയ്ത പ്രൊജക്ടുകൾ ഒഴികെ മറ്റുള്ളവയിൽ ഭാഗികമായി മാത്രമാണ് മോണിറ്ററിങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല, മോണിറ്ററിങ് നടത്തിയതിന്റെ വിവരം വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

വർക്കിങ് ഗ്രൂപ്പുകൾ അവർക്ക് നിക്ഷിപ്തമായ ചുമതലകൾ ആധികാരികമായി നിർവഹിക്കുവാൻ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-58 ഹോമിയോ മരുന്ന് വാങ്ങൽ-മരുന്ന് ലഭിച്ചതിന്റെ വിവരം ലഭ്യമല്ല

പ്രോജക്ട് നം. 30/21

ചെലവഴിച്ച തുക -249963/-

ബിൽ നം. തി. -16/18.01.21 -245000/-

പ്രോജക്ട് നം. 29/21

ബിൽ നം. തി. തുക -12/12.02.21 -4963/-

മേൽ പദ്ധതി പ്രകാരം തൻവർഷം 245000/- രൂപ പ്രൊഫോർമ ഇൻവോയ്സ് PF-05/06.20 പ്രകാരം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതിന്റെ വിവരം, ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രോജക്ട് പ്രകാരം തെർമോമീറ്റർ, മാസ്ക് എന്നിവ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് PRF-4543/20.01.21 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 4963/-രൂപ കൈമാറിയിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന്, തെർമോമീറ്റർ, മാസ്ക് എന്നിവ നാളിതു വരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-59 കന്നുകുട്ടിപരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. -67/21

വകയിരുത്തിയ തുക – പഞ്ചായത്ത് വിഹിതം -250000/-

ഗുണഭോക്തൃവിഹിതം -250000/-

ആകെ -500000/-

ബിൽ നം. തി. 08/12.03.21-250000/-

20 കന്നുകുട്ടികൾക്കുള്ള പഞ്ചായത്ത് വിഹതമായി (സംസ്ഥാനവിഹിതം ഉൾപ്പടെ) 250000/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം തീറ്റവിതരണം ചെയ്യുന്ന ക്ഷീരവികസന സഹകരണ സൊസൈറ്റിയുടെ വ്യക്തികഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ 20-21 സാമ്പത്തിക വർഷം ഏപ്രിൽ 2021 മുതൽ മാത്രമാണ് തീറ്റ വിതരണം നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി

പൂർത്തീകരിക്കുന്ന മുറക്ക് ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

### 1-60 പി.എച്ച്.സി.മോഡേണൈസേഷൻ -കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ് എന്നിവ ഈടാക്കാതെ കോസ്റ്റ്ഫോർഡിന് തുക നൽകി

പ്രോജക്റ്റ് നം. 271/21

എം.ബുക്ക് നമ്പർ-2662,2766

ബിൽ നം. 08/23.10.19 -500000/-

09/23.10.19 -68000/-

ചെക്ക് നം. 5893722/22.03.21-825675 (മുൻവർഷം നൽകിയ 672800/-രൂപയുടെ ചെക്ക് നമ്പർ ലഭ്യമാക്കിയിട്ടില്ല.)

ആകെ -2066475/- രൂപ നൽകിയിട്ടുണ്ട്.

മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 2066475/- രൂപയാണ്.ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയപ്പോൾ 1.5% ഇൻകംടാക്സ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ടി ബില്ലിൽ നിന്നും പിടിക്കേണ്ടതായ കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ് 1%,SGST-1%,CGST 1%എന്നിവ കുറക്കാതെയാണ് ഫൈനൽ ബിൽ തുക കൈമാറിയിട്ടുള്ളത്. കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫ്, SGST, CGST, എന്നിവയുടെ തുകകൾ കോസ്റ്റ്ഫോർഡ് അടച്ച് രശീത് ഹാജരാക്കാമെന്ന രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയതെന്ന് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-61 കനോലി കനാൽ സംരക്ഷണം- കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ വിഹിതം ഉപയോഗപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ 20.12.2018 ലെ 2414/A5/2018/KSBB നം. കത്ത് പ്രകാരം പരിസ്ഥിതി – ജൈവവൈവിധ്യ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി Eco Restoration Of Canolly Canal Along 15 Km Stretch എന്ന പദ്ധതിയ്ക്ക് 5 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 3,00,000/- രൂപ 2018-19 വർഷത്തിൽ വരവ് വന്നിട്ടുണ്ട്. ആയതിന്റെ സ്രോതസ് വ്യക്തമല്ലാതിരുന്നതിനാൽ 22.09.2020 തീയതിയിലാണ് (Vr.no.119180900109) തുക വരവ് വെച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാലിന്റ തീരത്ത് തൈകൾ വച്ചുപിടിപ്പിക്കുന്നതിനും കനാൽ സംരക്ഷണത്തിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും 2020-21 വർഷം വരെയും പദ്ധതി നടപ്പാക്കിയിട്ടില്ല. ടി തുക ഇതിനായി ആരംഭിച്ച ബാങ്ക് അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങളുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-62 പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

വാട്ടർ അതോറിറ്റി നല്കുന്ന ഡിമാന്റ് നോട്ടീസനുസരിച്ച് 331 ടാപ്പുകൾക്ക് 1739941/-രൂപ 2020-21 വർഷത്തിൽ പൊതുടാപ്പ് - വെള്ളക്കരം ഇനത്തിൽ ചെലവ് വന്നിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും ജൽജീവൻ മിഷൻ പദ്ധതി മുഖേനയും പഞ്ചായത്ത് പരിധിയിൽ ഗാർഹിക കണക്ഷനുകൾ നല്കി വരുന്നതിനാൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും ആയതനുസരിച്ച് വെള്ളക്കരം അടവാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അംഗീകൃതടെൻഡറിന്മേൽ നിർവഹണാധികാരി തുടർനടപടി സ്വീകരിച്ചില്ല,നഷ്ടം 65302-/-

അംഗീകൃതടെൻഡറിന്മേൽ നിർവഹണാധികാരി തുടർനടപടികൾ സ്വീകരിക്കാത്തതുമൂലം വാർഡ് 14ലെ കൈതപ്പള്ളി റോഡിൽ ടൈൽ വിരിക്കൽ എന്ന പ്രവൃത്തിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ടെൻഡർ രജിസ്റ്റർ 19-20, 20-21 പാർട്ട് 1പേജ് 1 പ്രകാരം 14/8/19 നാണ് ഈ പ്രവൃത്തിയുടെ ടെൻഡർ നടന്നത്. നാലു പേർ പങ്കെടുത്ത ഈ ടെൻഡറിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ റിതിൻ ബാബു എന്നവരുടെ എസ്റ്റിമേറ്റിനേക്കാൾ 17.9999% കുറവ് എന്ന നിരക്ക് ഗ്രമപഞ്ചായത്ത് ഭരണസമിതിയുടെ 9(5)/2.9.19 നം. തീരുമാനപ്രകാരം അംഗീകരിച്ചെങ്കിലും ആയതിന്മേൽ യാതൊരു തുടർനടപടിയും നിർവഹണാധികാരിയായ അസി.എൻജിനീയർ സ്വീകരിക്കുകയുണ്ടായില്ല.

2012 ലെ കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ (GO(P)13/12/PWD/1/2/12 ഖണ്ഡിക 2009.6 പ്രകാരം ടെൻഡർ അംഗീകരിച്ച് ഏഴു ദിവസത്തിനുള്ളിലോ, ടെൻഡർ തീയതി മുതൽക്കുള്ള രണ്ട് മാസത്തിനുള്ളിലോ ടെൻഡർ ലഭിച്ച കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്യുകയുണ്ടായില്ല.

പ്രൊജക്റ്റ് സംബന്ധിച്ച ഫയൽ (അടങ്കൽ അഞ്ച് ലക്ഷം രൂപ തനത് ഫണ്ട് ) പരിശോധിച്ചപ്പോൾ 30/12/20 ൽ നടത്തിയ ടെൻഡറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ സി.എ.ജമാൽ (അടങ്കൽ നിരക്ക്) പ്രവൃത്തി ചെയ്തതായിട്ടാണ് കണ്ടത്. (ഭരണസമിതി തീരുമാനം 3/8.1.21)

| | |
|---|---|
| കരാർ | 66/AE/LSGD/EDTY/20-21/20.2.21 |
| അളവുപുസ്തകം | 88/20-21 |
| ചെക്ക് നം | 022918/30.3.21, 452107 രൂപ (ട്രഷറി ചെക്ക് ) |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി അസി.എൻജിനീയർക്ക് നൽകിയ ഈ ചെക്കിൽ ഹാഷിം എന്ന കരാറുകാരനുള്ള 1018 രൂപയും ഉൾപ്പെടുന്നു.

402758 രൂപ പ്രവൃത്തിമൂല്യമുള്ള ഈ പ്രവൃത്തിക്ക് 48331 രൂപ ജി.എസ്.റ്റി ഉൾപ്പെടെ ആകെ 451089രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

ഈ പ്രവൃത്തി 17.9999% കുറവ് നിരക്കിൽ ചെയ്തിരുന്നുവെങ്കിൽ താഴെ കാണിക്കും പ്രകാരമേ ചെലവ് വരുമായിരുന്നുള്ളൂ.

| | |
|---|---|
| പ്രവൃത്തിമൂല്യം | 402758 |
| 17.9999 % കുറവ് | 72496 |
| വരുമായിരുന്ന ചെലവ് | 330262+GST |
| അതായത് | 330262 + |
| ജി.എസ്.റ്റി | 39631 |
| ആകെ | 369893 |
| അധികം വന്ന ചെലവ് | 451089(-)369893=81196 |

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 14/11.8.21 ന് അസി. എൻജിനീയർ രേഖാമൂലം മറുപടി ലഭ്യമാക്കിയതിൽ സെലക്ഷൻ നോട്ടീസ് നൽകി നാളുകൾ കഴിഞ്ഞിട്ടും കരാറുകാരൻ എസ്റ്റിമേറ്റ് നൽകിയതിനാലും, ടെണ്ടർ കുറവ് മൂലം ലഭിക്കുന്ന തുകകൊണ്ട് മറ്റ് പ്രവൃത്തികൾക്കുള്ള പ്രൊജക്ട് തയ്യാറാക്കിയതിനാൽ തൊട്ടടുത്ത കരാറുകാരനെകൊണ്ട് ചെയ്യിക്കാൻ സാധിക്കാത്തതിനാലും പഞ്ചായത്ത് പ്രൊജക്ട് റദ്ദ് ചെയ്തു എന്നുമാണ്, ഇത് സംബന്ധിച്ച ഫയൽ പ്രൊജക്ട് നം.60/20 പരിശോധിച്ചപ്പോൾ 12/8/19 ന് നടത്തിയ ടെൻഡറിന് ആയതിന്റെ ഫേം പിരീഡിന് മുമ്പ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതായി കണ്ടില്ല. 21/1/20 ൽ കരാറുകാരന് തെറ്റായ മേൽവിലാസത്തിൽ (പി.ഒ.പൂല്ലറ്റ് എന്നതിന് പകരം പി.ഒ.കൊടുങ്ങല്ലൂർ എന്ന തെറ്റായി) രജിസ്റ്റേഡ് കത്ത് അയച്ചു. ആയത് ആളെ കണ്ടെത്താനാകാതെ തിരിച്ചുവന്നു. തുടർന്ന് 18/2/20ന് ശരിയായ മേൽവിലാസത്തിൽ കരാറുകാന് കത്തയച്ചുവെങ്കിലും യാതൊരു പ്രയോജനവുമുണ്ടായില്ല.
നിർവഹണാധികാരിയായ അസി.എൻജിനീയർ ടെണ്ടറിന്മേൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് കുറഞ്ഞ നിരക്കിൽ ഈ പ്രവൃത്തി നടക്കാതെ പോയത്. യഥാസമയം നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ 363000 രൂപ സംരക്ഷണഗ്രാന്റ് റോഡ് വകയിരുത്തിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പി.എ.സി.ആയ 362790.96 രൂപയുടെ 17.9999% ആയ 65302 രൂപ ലാഭിക്കാമായിരുന്നു. ആയതിനാൽ ഇപ്രകാരം നഷ്ടമായ 65302 രൂപ ആയതിന് ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നും ഈടാക്കി തനതുഫണ്ടിലടവാക്കേണ്ടതാണ്. (സ്പിൽ ഓവർ പ്രൊജക്ട് തനത്ഫണ്ട് ആയതിനാൽ)

## 3-2 ക്ലാസ് മുറികൾ ഹൈടെക് ആക്കൽ -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല- 73651/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പെരുമ്പടപ്പ

| | |
|---|---|
| പദ്ധതി നമ്പർ | 268/20-21 (ജി.ൽ.പി.സ്കൂളിലെ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കൽ |
| അടങ്കൽ | 191594/(മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 191248/ |
| ബിൽ നമ്പർ | 6/20-21 തീയതി 20.12.2020 തുക 94268/ |
| | 3/20-21 തീയതി 29.10.2020 തുക 90980/ |
| | 16/20-21 തീയതി 30.03.2021 തുക 6000/ |

മേൽ ബില്ലുകളിൽ ഉൾപ്പെടുത്തി ജി.ൽ.പി.സ്കൂളിലെ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിന് വേണ്ടി ജെം പർച്ചേസിലൂടെ താഴെപ്പറയുന്ന ഇനങ്ങൾ സ്കൂളിലേയ്ക്ക് വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | ജി.എസ്.ടി ഉൾപ്പെടെയുള്ള തുക | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| Epson Printer | 1 | 22769/- | SB 10331/ 21.12.20 |
| Epson EB 536 WI PROJECTOR SN. VEWF9Z0071L | 1 | 71498/- | SB 10332/ 21.12.20 |
| Epson EB 530 PROJECTOR SN. VFSF020354L/VFSF020363L | 2 | 45490 X 2= 90980/- | SB 10258/ 20.10.20 |

സ.ഉ. (സാധാ) നം. 3847/2019/ പൊ.വി.വ. തീയതി 27.09.2019 പ്രകാരം പൊതുവിദ്യാഭാസ വകുപ്പിലെ സ്കൂളുകളും ഹൈടെക് ആക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ വ്യവസ്ഥകൾ (1), (3) എന്നിവ പ്രകാരം ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് എന്നിവ സർക്കാർ ഫണ്ടുപയോഗിച്ച് വാങ്ങുമ്പോൾ ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പാനന്തര സേവന വ്യവസ്ഥകൾ എന്നിവ അനുബന്ധം ആയി നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് വാങ്ങേണ്ടത്. എല്ലാ ഐ.ടി. ഉപകരണങ്ങൾക്കും 5 വർഷം വാറണ്ടി ഉറപ്പാക്കണം. ഉപകരണങ്ങൾ ലഭ്യമാക്കിയ പദ്ധതി, വർഷം, ധനസ്രോതസ്സ് എന്നീ വിവരങ്ങൾ സ്കൂളിൽ ഉണ്ടായിരിക്കേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഇന്ററാക്റ്റീവ് ബോർഡ്, സ്മാർട്ട് ടി.വി. എന്നിവ വിന്യസിക്കേണ്ടതില്ല. ടി ഉത്തരവ് പ്രകാരം പ്രൊജക്ടർ (Native Resolution X GA 1024 X 768, Brightness 3600 ANSI Lumens, Warranty – 5 Years, BIS Certifiation) – 22509/- രൂപയിലും പ്രൊജക്ടർ സീലിംഗ് മൗണ്ടിംഗ് കിറ്റ് (Supply & Installation)- 4900/- രൂപയിലും പ്രൊജക്ടർ സ്ക്രീൻ (Wall Type Pull Down Projector Screen) – 2200/- രൂപയിലും (ആകെ 29609/- രൂപ) അധികരിക്കാൻ പാടില്ല. എന്നാൽ പദ്ധതി പ്രകാരം പ്രൊജക്ടറിന് 71498/- ( 1 എണ്ണം), 45490/- (2 എണ്ണം) നിരക്കുകളിൽ നൽകിയിട്ടുണ്ട്.
ഓഡിറ്റ് അന്വേഷണം നൽകിയതിൽ പ്രസ്തുത പ്രോജക്ടർ വാങ്ങിയത് കുട്ടികൾക്ക് കണ്ടും കേട്ടും എഴുതിയും പഠിക്കാൻ പ്രയോജനപ്രദമായതിനാലാണ് എന്നാണ് മറുപടി നല്കിയത്.

26.05.2020 തീയതിയിലെ 4/1 ഭരണസമിതി തീരുമാന പ്രകാരം ജി.എൽ.പി.എസ് ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് ഉപകരണങ്ങൾ വാങ്ങൽ

132/20 (സ്പിൽ ഓവർ നം. 268/20) എന്ന പദ്ധതിയുടെ ഇന്ററാക്ടീവ് ബോർഡ്, പ്രിന്റർ, സ്ക്രീൻ, പ്രൊജക്ടർ എന്നിവയ്ക്കായി കെൽട്രോണിന് കത്തയച്ചിട്ടും ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ടി ഉപകരണങ്ങൾ നിലവിലെ സാഹചര്യത്തിൽ അത്യാവശ്യമായതിനാൽ നിയമാനുസാരണം ടെൻഡർ മുഖേന വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിനെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. 3.3.21 ലെ പർച്ചേസ് കമ്മിറ്റി ടി ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ചതിനാൽ അധികമായി നൽകിയ തുക 41889/- രൂപ (71498-29609) + 31762/- രൂപ [(45490-29609) X 2] = 73651/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.29/12.08.2021)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 422900 | 77100 |
| | | 450000 | അംഗൻവാടി പോഷകാഹാര വിതരണ പരിപാടി(ജനറൽ) | 500000 | -50000 |
| | | 800000 | ലൈഫ് പദ്ധതി (എസ് സി) | 800000 | 0 |
| | | 1200000 | ലൈഫ് പദ്ധതി (ജനറൽ) | 1200000 | 0 |
| | | 1000000 | ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (എസ് സി) | 0 | 1000000 |
| | | 700000 | ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(ജനറൽ) | 700000 | 0 |
| | | 250000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ധനസഹായം | 250000 | 0 |
| | | 200000 | സാന്ത്വന പരിചരണ പദ്ധതി | 162799 | 37201 |
| | | 250000 | വി ആർ എസ് റോഡ് മെറ്റലിംഗ് & ടാറിംഗ് | 0 | 250000 |
| | | 400000 | അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 400000 |
| | | 500000 | ചെങ്ങനാൽ റോഡ് ഫില്ലിംഗ്(SO) | 350000 | 150000 |
| | | 50721 | നേതാജി റോഡ് കാന നിർമ്മാണവും റീടാറിങ്ങും(SO) | 50721 | 0 |
| | | 300000 | ചിറക്കൽ ഉപ്പുതുരത്തി റോഡ് മെയിന്റനൻസ് | 0 | 300000 |
| | | 250000 | 12 പി ബി റോഡ് ഫില്ലിംഗ്,സോളിംഗ്,മെറ്റലിംഗ്, ടാറിംഗ് | 0 | 250000 |
| | | 1236175 | ലൈഫ് പദ്ധതി(എസ് സി) SO | 853000 | 383175 |
| | | 200000 | അഗതിരഹിത കേരളം | 0 | 200000 |
| | | 20000 | വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ | 0 | 20000 |
| | | 500000 | രാമൻകുളം-മണിയംതാഴം റോഡിൽ കാന നിർമ്മാണം | 0 | 500000 |
| | | 500000 | നമ്പ്രാട്ടി തോട് സൈഡ് പ്രൊട്ടക്ഷൻ | 0 | 500000 |
| | | 700000 | ജല രക്ഷ ജീവ രക്ഷ(ജലാശയങ്ങളിലെ ചെളി നീക്കം ചെയ്യൽ) | 0 | 700000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | | 100000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ധനസഹായം | 0 | 100000 |
| | | 400000 | അഗതിരഹിത കേരളം | 0 | 400000 |
| | | 28078 | നെൽകൃഷി പ്രോത്സാഹനം | 28078 | 0 |

| | | | |
|---|---|---|---|
| 10000 | വിശപ്പ് രഹിത കേരളം -ജനകീയ ഹോട്ടൽ | 0 | 10000 |
| 91750 | തരിശ്ശ നിലത്തിൽ നെൽക്കൃഷി | 91750 | 0 |
| 400000 | അംഗൻവാടി പോഷകാഹാര വിതരണ പരിപാടി(ജനറൽ) | 400000 | 0 |
| 1475000 | ലൈഫ് പദ്ധതി(ജനറൽ) | 420000 | 1055000 |
| 1000000 | ലൈഫ് പദ്ധതി (എസ് സി) | 300000 | 700000 |
| 1250000 | ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(എസ് സി) | 0 | 1250000 |
| 3000000 | ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(ജനറൽ) | 0 | 3000000 |
| 300000 | സാന്ത്വന പരിചരണ പദ്ധതി | 7780 | 292220 |
| 827200 | കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി PHC നവീകരണം | 825675 | 1525 |
| 1000000 | ചാമക്കാല ഐ എച്ച് ഡി പി വികസനം | 0 | 1000000 |

മേൽ പറഞ്ഞ പട്ടികയിലെ നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളുടെ B4 പട്ടികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല 2019-20 വർഷം ഇപ്രകാരംചെയ്തിട്ടില്ല. ആയതിനാൽ ഫണ്ട് വിനിയോഗം സംബന്ധിച്ച മുന്നിരിപ്പ് വിവരങ്ങളും ലഭ്യമല്ല. മുഴുവൻ വിശദാംശങ്ങളും എത്രയും വേഗം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ (172/20-21) | 2693017 | - | 2693017 |
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ(16/20-21) | 324708 | - | 324708 |
| കേരള വാട്ടർ അതോറിറ്റി | ഉപയോഗശൂന്യമായ ടാപ്പുകൾ നീക്കം ചെയ്യൽ(S0228/20) | 4000 | - | 4000 |

വാർഷിക കണക്കുകളുടെ B18 -പട്ടിക പ്രകാരം 1781902/-രൂപ മാത്രമാണ് KSEB യ്ക്ക് നൽകിയ തുകയിൽ ചെലവഴിക്കാൻ ബാക്കിതുകയായ 1235823/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന 320950/-രൂപയുടെ (B18-പട്ടിക) വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച്. മുഴുവൻ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഹഡ്കോ | ലഭ്യമല്ല | 540000 | 7691382 | 1185765 | 6505617 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | 2.8 | 2002-03 | 3-5 | വൈദ്യുതി ലൈൻ | ഓഡിറ്റ് തടസ്സം |

| | | | | | |
|---|---|---|---|---|---|
| | | | | വലിക്കൽ നടപ്പിലാക്കിയത് സംബന്ധിച്ച് രേഖകളുടെ അടിസ്ഥാനത്തിൽ തുക തടസ്സപ്പെടുത്തിയത് | ഒഴിവാക്കുന്നതിനായി രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| | 2.8 | 2003-04 | 3-2 | തെരുവ് വിളക്ക് ലൈൻ വലിച്ച് വെളിച്ചം എത്തിക്കൽ പദ്ധതി നടപ്പിലാക്കിയതായി കാണുന്നില്ല | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| | 2.8 | 2003-04 | 2-10(9) | കൃഷി ഓഫീസർ ചെലവ് കണക്കുകൾ ഹാജരാക്കിയിട്ടില്ല. | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104675054.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111933854.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 138953/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 573803/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ്തുക | സർചാർജ്ജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 65302 | ശ്രീമതി.സഖി.എൽ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 73651 | ശ്രീമതി.മിനിബായി.കെ.ആർ.,ഹെഡ്മിസ്ട്രസ് |
| | ആകെ | 138953/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-40 | 118274 | ശ്രീമതി.സഖി.എൽ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-50 | 228000 | ശ്രീമതി.മഞ്ജു.പി.എം,വി.ഇ.ഒ,എടത്തിരുത്തി. |
| 1-51 | 227529 | ശ്രീമതി.സഖി.എൽ,അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സഖി.എൽ | എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | ബോധി അടിയാറ, മുല്ലശ്ശേരി.പി.ഒ തൃശ്ശൂർ-680509 |
| ശ്രീമതി.മഞ്ജു.പി.എം, വി.ഇ.ഒ, എടത്തിരുത്തി. | ” | പുത്തൻവീട്ടിൽ മാടായികോണം.പി.ഒ |

| | | |
|---|---|---|
| | | മാപ്രാണം-680712 |
| ശ്രീമതി.മിനിബായി.കെ.ആർ. | " | കിള്ളിക്കളങ്ങര വീട് പി.ഒ.ക്ലളിമുട്ടം-680691 |

## 4-10 അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി.എസ്.2-1469/11/ 20.10.11/1.2.12 |
| 1981-82 | " |
| 1982-83 | " |
| 1983-84 | " |
| 1984-85 | " |
| 1985-86 | " |
| 1986-87 & 1987-88 | " |
| 1988-89, 89-90 & 1990-91 | " |
| 1991-92 | " |
| 1992-93 & 1993-94 | എൽ.എഫ്.ടി.എസ്.2-1469/11/ 20.10.11/1.2.12 |
| 1996-97 | എൽ.എഫ്.ടി.പി.3-42/14 തീ.3.4.2014 |
| 1997-98 | |
| 1998-99 | |
| 99-2000 ചെലവ് | |
| 99-2000 വരവ് | |
| 2000-01 | |
| 2000-01, 01-02 പ്ലാൻ | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 05-06 | എൽ.എഫ്.ടി.12-1761/09/24-9-2010 |
| 06-07 | എൽ.എഫ്.ടി.12-1762/09/24-09-2010 |
| 07-08 | എൽ.എഫ്.ടി.12-853/11/29-11-11 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.ടി.പി.3-1346/12/ 5-11-12/12-03-13 |
| 2011-12 | എൽ.എഫ്.ടി.പി.3-1101/13/ 17-01-14/12-03-14 |
| 2012-13 | എൽ.എഫ്.ടി.പി.3-588/2014/ 3-9-14/9-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 218/16-15.2.16/11.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1274/16/28.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 2180/16/ 28.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1689/17 / 24.11.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 63/18 / 07.02.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ-(പി3)368/2020/ 21.05.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ-(പി4) 1221/21 തീ. 24.03.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്